

ഇന്ത്യൻ നിയമവ്യവസ്ഥ യുടെ പുരാതന ഘട്ടത്തെ പറ്റിയാണല്ലോ വിവരിച്ചത്. ഇനി നമുക്ക് ബ്രിട്ടീഷ് ഭരണകാലത്തെ ചരിത്രം പരിശോധിക്കാം...

2

# ഇന്ത്യൻ നീതിന്യായ വ്യവസ്ഥ

നമുക്കറിയാമല്ലോ, ഇന്ത്യ ഏറെക്കാലം ബ്രിട്ടന്റെ ഭരണത്തിൻ കീഴിൽ ആയിരുന്നുവെന്ന്. ഏകദേശം 200 വർഷം വെള്ളക്കാരൻ നമ്മെ അടക്കിഭരിച്ചു. എല്ലാ മേഖലയിലുമെന്ന പോലെ നിയമ മേഖലയിലും ഈ ബ്രിട്ടീഷ് സ്വാധീനം പ്രകടമായി കാണാം.

1600 ൽ ആണ് ബ്രിട്ടീഷ് ഈസ്റ്റിന്ത്യ കമ്പനി ഇന്ത്യയിൽ വ്യാപാര ആവശ്യങ്ങൾക്ക് വരുന്നത്. അവർ 1612ൽ സൂററ്റിലും 1640 ൽ മദ്രാസിലും ഫാക്ടറികൾ സ്ഥാപിച്ചു. ഫാക്ടറികൾ എന്നു പറഞ്ഞാൽ ഇന്നത്തെ പോലെ വെറും ഉൽപന്ന നിർമ്മാണം മാത്രം നടത്തുന്ന

അധികാരത്തിലിരിക്കെ അന്തരിച്ച ആദ്യ രാഷ്ട്രപതി- ഡോ സക്കീർ ഹുസൈൻ

ഒന്നല്ല. മറിച്ച് ഈ ഫാക്ടറിയുടെ അകത്താണ് ബ്രിട്ടീഷ് ഉദ്യോഗസ്ഥരും കുടുംബവും മറ്റും താമസിക്കുക.

മദ്രാസിൽ അങ്ങനെ അവർ സ്ഥാപിച്ച ഫാക്ടറിയാണ് പ്രശസ്തമായ സെന്റ് ജോർജ് കോട്ട. ചന്ദ്രഗിരി ഭരിച്ചിരുന്ന ഹിന്ദു രാജാവാണ് സെന്റ് ജോർജ് കോട്ട സ്ഥാപിക്കാനുള്ള സ്ഥലം നൽകിയത്.

ബ്രിട്ടീഷുകാർ താമസിക്കുന്ന മേഖല ‘വൈറ്റ് ടൗൺ’’ എന്നും കോട്ടക്കു പുറത്ത് സാധരണ ജനങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ ‘‘ബ്ലാക്ക് ടൗൺ’’ എന്നും വിളിച്ചു വന്നു.

ഈ രണ്ടു പ്രദേശങ്ങളും ചേർത്ത് മദിരാശിപട്ടണം അഥവാ മദ്രാസ് പട്ടണം എന്നും വിളിക്കപ്പെട്ടു. കാലക്രമേണ ചന്ദ്രഗിരി രാജാവ് ഈ പ്രദേശത്തിന്റെ ഭരണ നിർവ്വഹണ ചുമതലയും നീതി നിർവ്വഹണവും ഈസ്റ്റിന്ത്യ കമ്പനിക്കു കൈമാറി. അങ്ങനെ വൈറ്റ് ടൗണിലും ബ്ലാക്ക് ടൗണിലും ബ്രിട്ടീഷ് നിയന്ത്രിതമായ കോടതികൾ സ്ഥാപിതമായി.

വൈറ്റ് ടൗണിൽ ‘ഏജന്റ്,’ ‘കൗൺസിൽ’ എന്നിങ്ങനെ പേരിൽ വിളിക്കപ്പെടുന്നവർ ചേർന്നാണ് നീതി നിർവ്വഹിച്ചത്. ഇവർ നിയമജ്ഞർ അല്ലായിരുന്നു. മറിച്ച് കച്ചവടക്കാരായ വെള്ളക്കാർ ആയിരുന്നു. ബ്ലാക്ക് ടൗണിൽ ആവട്ടെ ബ്രാഹ്മണ വിഭാഗത്തിൽ പെട്ട ‘അധികാരി’ ആയിരുന്നു കോടതി ചുമതലകൾ ആദ്യഘട്ടത്തിൽ നിയ



*ഈസ്റ്റ് ഇന്ത്യാകമ്പനി 1612ൽ സ്ഥാപിച്ച സൂററ്റ് ഫാക്ടറി*

ആദ്യമായി മൊബൈൽ ഫോൺ നിർമ്മിച്ച കമ്പനി- മോട്ടറോള



*സെന്റ് ജോർജ് കോട്ട*

ന്ത്രിച്ചത്.

പിന്നീട് അതും വെള്ളക്കാർ ഏറ്റെടുത്തു. 'ചൗൾട്രി കോർട്ട്' (The Choultry Court) എന്ന് ആയിരുന്നു ബ്ലാക്ക് ടൗണിലെ കോടതിയെ വിളിച്ചിരുന്നത്.

സമാനമായ രീതിയിൽ ബോംബെയിലും കൽക്കത്തയിലും ഇത്തരത്തിലുള്ള കോടതികളും മറ്റും ബ്രിട്ടീഷുകാർ സ്ഥാപിച്ചിരുന്നു. 1726വരെ ഇവക്ക് ഒരു ഏകീകൃതമായ രൂപം ഇല്ലായിരുന്നു. 1726ൽ ജോർജ് ഒന്നാമൻ രാജാവ് ഒരു പ്രഖ്യാപനം കൊണ്ടുവന്നു. ഇതാണ് ചാർട്ടർ 1726. ഈ ചാർട്ടർ പ്രകാ



രം ബോംബെ, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ കോർപ്പറേഷൻ രൂപീകരിക്കുകയും, മേയറും ആൻഡമേൻ എന്നറിയപ്പെടുന്ന ഒമ്പത് അംഗങ്ങളുമുള്ള ഭരണ സംവിധാനവും വന്നു. ഇവർക്ക് മുകളിൽ ഗവർണറും കൗൺസിലും ഉണ്ടായിരുന്നു. ഇവരാണ് ഇവിടങ്ങളിൽ നിയമനിർമ്മാണം നടത്തിവന്നത്.

ഈ മൂന്ന് പ്രസിഡൻസി ടൗണുകളിലും ചാർട്ടർ 1726 പ്രകാരം മേയറുടെ കോടതി (Mayor's Court) സ്ഥാപിതമായി. ഷെരീഫ് (Sheriff) എന്ന ഓഫീസർ ആയിരുന്നു ഇവിടുത്തെ പ്രധാന ഉദ്യോഗസ്ഥൻ. സിവിൽ കേസുകളാണിവിടെ കൈകാര്യം ചെയ്തത്. ഇംഗ്ലീഷ് കോടതികളിലെ നടപടി ക്രമങ്ങളാണ് ഇവിടെ പിന്തുടർന്നു വന്നത്. ക്രിമിനൽ കേസുകൾക്കായി ഇവിടെ ജസ്റ്റിസ് ഓഫ് പീസ് (Justices of the peace) എന്ന ഒരു സംവിധാ



നം ഉണ്ടായിരുന്നു. ഗവർണറും 5 അംഗങ്ങളുമാണ് ഇതിൽ ഉണ്ടായിരുന്നത്. 1726 ലെ ചാർട്ടറിലൂടെയാണ് ഒരു ഏകീകൃത നീതിന്യായ വ്യവസ്ഥ ഇന്ത്യയിൽ വന്നത് എന്ന് കരുതാം.

എന്നാൽ ഈ സംവിധാനത്തിന് ഒട്ടേറെ ന്യൂനതകൾ കാണാൻ കഴി



*ഈസ്റ്റ് ഇന്ത്യാകമ്പനി യുടെ ബംഗാളിലെ ഫാക്റ്ററി*

യും. ബ്രിട്ടനിലെ നിയമമാണ് മേയറുടെ കോടതി കൈകാര്യം ചെയ്തിരുന്നത്. അ താവട്ടെ ഇന്ത്യയിലെ സാമൂഹിക സാഹചര്യങ്ങളുമായി തീരെ യോജിക്കുന്നവ ആയിരുന്നില്ല. അതിനാ ൽ തന്നെ ഇന്ത്യക്കാർക്ക് അത്തരം നിയമങ്ങൾ ആ കാലത്ത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കി.

കോടതികൾക്ക് പ്രത്യേക അധികാര പരിധി പറഞ്ഞിട്ടില്ലാത്തതിനാൽ തന്നെ ഇവ ഇന്ത്യയിൽ അനീതിക്കിടയാക്കി. മാത്രമല്ല കമ്പനി അധികാരികളും കോടതിയും തമ്മിൽ അധികാരത്തർക്കങ്ങളും വ്യാപകമായിരുന്നു. തുടർന്നും വിവിധ രാജാക്കന്മാരുടെ കാലത്ത് ചെറിയെ ചെറിയ മാറ്റങ്ങൾ ഈ നീതിന്യായ വ്യവസ്ഥയിൽ വരാൻ തുടങ്ങി.

1757 ൽ പ്ലാസി യുദ്ധത്തിലൂടെ ബംഗാളിൽ ബ്രിട്ടീഷ് ആധിപത്യം കൂടുതൽ ഉറച്ചു. 1764 ബക്സർ യുദ്ധത്തോടെ മുഗളന്മാരുടെ ആധിപത്യത്തിനും അന്ത്യം വന്നതോടെ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം സുസജ്ജമായി.

1772ൽ മദ്രാസ് ഗവർണറായിരുന്ന വാറൻ ഹേസ്റ്റിംഗിനെ ബംഗാളിലേക്ക് മാറ്റുകയും അദ്ദേഹം വാറൻ ഹേസ്റ്റിംഗ് പ്ലാൻ– 1772 എന്ന സുപ്രധാനമായ ചില തീരുമാനങ്ങൾ നിയമ മേഖലയിൽ നടപ്പാക്കുകയും ചെയ്തു. ബംഗാൾ, ബീഹാർ, ഒറീസ എന്നിവയെ ജില്ലകൾ ആയി വിഭജിക്കുകയും ജില്ലാ അടിസ്ഥാനത്തിൽ നിയമ സംവിധാനം നടപ്പിലാക്കുകയും ചെയ്തത് ഈ പ്ലാനി

## സിവിൽ നിയമങ്ങൾ

ഇന്ത്യയിലെ ആദ്യത്തെ നിയമ കമ്മീഷൻ സിവിൽ നിയമങ്ങൾ രൂപീകരിച്ചെങ്കിലും അത് ബ്രട്ടീഷ് സർക്കാർ പൂർണമായും സ്വീകരിച്ചില്ല. 1853 ൽ രണ്ടാമത്തെ നിയമ കമ്മീഷന്റെ കൂടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിവിൽ നിയമങ്ങളുടെ നടപടി ക്രമങ്ങൾ നിയമമായി വന്നു.

വിവാഹം, സ്വത്താവകാശം, കരാറുകൾ, സ്വത്ത് തർക്കം, പണമിടപാട് തുടങ്ങിയവയൊക്കെ ഈ നടപടി ക്രമങ്ങളിലൂടെ ആണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ ഇന്ത്യയിൽ ഏകീകൃത സിവിൽ നിയമം നിലവിലില്ല. ഓരോ മതത്തിന്റെയും വ്യക്തി നിയമം പ്രകാരമാണ് അവ കൈകാര്യം ചെയ്യുന്നത്. മുസ്‌ലിം വ്യക്തി നിയമം, ഹിന്ദു പിന്തുടർച്ചാവകാശ നിയമം തുടങ്ങിയവയാണത്.





*മെക്കാളേ പ്രഭു*



*വാറൻ ഹേസ്റ്റിംഗ്*

ന്റെ അടിസ്ഥാനത്തിലാണ്.

ഓരോ ജില്ലയിലും ജില്ലാ കലക്ടർമാരെയും നിയമിച്ചു. സിവിൽ കോടതികൾ ഈ ഘട്ടത്തിലാണ് സ്ഥാപിതമായത്. ഓരോ ജില്ലയിലും 'മൊഫ്യൂസിൽ ദിവാനി അദാലത്ത്' എന്ന സിവിൽ കോടതി വന്നു. സ്വത്ത്, പിന്തുടർച്ചാവകാശം, ജാതി, വിവാഹം, കടം, കരാറുകൾ, വാടക തുടങ്ങിയ സിവിൽ കേസുകളൊക്കെ ഇത്തരം കോടതികൾ കൈകാര്യം ചെയ്തു. 'മൊഫ്യൂസിൽ ദിവാനി അദാലത്ത്' ൽ നിന്നും വരുന്ന അപ്പീൽ കേസുകൾ തീർപ്പാക്കാൻ 'സദർ ദിവാനി അദാലത്ത്' എന്ന കോടതി കൽക്കത്തയിൽ സ്ഥാപിതമായി.

ചെറിയ കേസുകൾക്കായി 'ചെറിയ അദാലത്ത്' (Small cause Adalath) എന്ന കോടതിയും ഉണ്ടായിരുന്നു. പരമാവധി 10 രൂപ വരെ ഉള്ള കേസാണത്രെ ഈ കോടതികൾ കേട്ടത്...!!


ക്രിമിനൽ കേസുകൾ തീർപ്പാക്കാൻ വേണ്ടി ഓരോ ജില്ലയിലും 'മൊഫ്യൂസിൽ ഫൗജ്ദാരി അദാലത്ത്' (Moffussil faujdari Adalath) എന്ന ക്രിമിനൽ കോടതി ഉണ്ടായിരുന്നു. ഇവിടെ നിന്നും വരുന്ന അപ്പീൽ പരിഗണിക്കാൻ വേണ്ടി കൽക്കത്തയിൽ 'സദർ നിസ്സാമത്ത് അദാലത്ത്' എന്ന കോടതിയും നിലവിൽ വന്നു.

വാറൻ ഹേസ്റ്റിംഗ് ഓരോ മതത്തിന്റെയും വ്യക്തി നിയമപ്രകാരം കേസുകൾ തീർപ്പാക്കാൻ ആണ് നിർദ്ദേശിച്ചത്. അതായത് മുസ്ലീങ്ങൾക്ക് 'ഖുർആൻ' പ്രകാരവും ഹിന്ദുക്കൾക്ക് പുരാണങ്ങളിലെ 'ശാസ്ത്ര' നിയമ പ്രകാരവുമാണ് തർക്ക പരിഹാരം നടത്തി വന്നത്.

# ഐ.പി.സി യുടെ പിറവി

ആരെങ്കിലും ഒരു കുറ്റം ചെയ്താൽ ഐ.പി.സി പ്രകാരം അയാളെ ശിക്ഷിക്കുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടാവും. എന്താണ് ഐ.പി.സി? ഇന്ത്യൻ പീനൽ കോഡ് എന്നാണ് ഐ.പി.സിയുടെ പൂർണ്ണരൂപം.

ഇന്ത്യൻ ശിക്ഷാ നിയമം എന്നാണ് മലയാളം. ഇന്ത്യയിൽ നിലവിലുള്ള ക്രിമിനൽ നിയമമാണ് അത്. അതായത് അടി, ഇടി, കൊലപാതകം പോലെയുള്ള കുറ്റകൃത്യങ്ങളാണ് ക്രിമിനൽ കു




ഹേസ്റ്റിംഗിനെ പിന്തുടർന്നു അധികാരമേറ്റ കോൺവാലിസ് പ്രഭു 1790 ൽ ഒരു പുതിയ ജുഡീഷ്യൽ പ്ലാൻ കൊണ്ടു വരികയുണ്ടായി. അദ്ദേഹം ജില്ലാ കോടതികളും സർക്യൂട്ട് കോടതികളും സ്ഥാപിച്ചു. കോൺവാലീസ് പ്രഭുവും നിരവധി പരിഷ്കാരങ്ങൾ ഇന്ത്യൻ നിയമ മേഖലയിൽ കൊണ്ടു വന്നതായി നമുക്ക് കാണാം. തുടർന്ന് വെല്ലസ്സി പ്രഭു, മിന്റോ പ്രഭു. വില്ല്യം ബെന്റിക് പ്രഭു തുടങ്ങിയവരും ചെറിയ ചെറിയ മാറ്റങ്ങൾ ഈ മേഖലയിൽ കൊണ്ടു വന്നിട്ടുണ്ട്.

1919ലെ മൊന്റേഗു- ചെംസ് ഫോർഡ് ഭരണ പരിഷ്കാരവും 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റും ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ ചില മാറ്റങ്ങൾക്കു നിദാനമായി.

ഇന്ത്യയിൽ ഫെഡറൽ ഭരണ സംവിധാനം ആണ് ഈ നിയമം അനുശാസിച്ചത്. അതായത് പ്രവിശ്യകൾക്കു പ്രത്യേക അധികരമുള്ള ഭരണം. 1935 ലെ നിയമപ്രകാരം ഇന്ത്യയിൽ 'ഫെഡറൽ കോടതി' സ്ഥാപിതമായി. 1937 ഒക്ടോബർ 1 ന് ഡൽഹിയിൽ ആണിത് ഉദ്ഘാടനം ചെയ്തത്. ഓരോ സംസ്ഥാന

റ്റങ്ങൾ. ഇവക്ക് ശിക്ഷ വിധിക്കുന്നത് ഐ.പി.സി മുഖേനയാണ്. എങ്ങനെയാണ് ഐ.പി.സി പിറവിയെടുത്തതെന്ന് നോക്കാം.

1835 ൽ ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യയിലെ ആദ്യത്തെ നിയമ കമ്മിഷനെ (Law Commission) നിയമിക്കുകയുണ്ടായി. ടി.ബി മെക്കാളേ എന്ന മെക്കാളേ പ്രഭു ആയിരുന്നു ഈ കമ്മീഷന്റെ ചെയർമാൻ. ഇന്ത്യയിൽ സിവിൽ, ക്രിമിനൽ നിയമങ്ങൾ ഉണ്ടാക്കുകയായിരുന്നു കമ്മീഷന്റെ ദൗത്യം.

1837 ൽ ഈ കമ്മീഷൻ ക്രിമിനൽ നിയമം സർക്കാറിന് സമർപ്പിച്ചു. ഇത് 1860 ൽ ആണ് പ്രാബല്യത്തിൽ വരുന്നത്. ഇന്ത്യൻ പീനൽ കോഡ് 1860 എന്ന ഐ.പി.സി. പ്രധാനമായും മെക്കാളേ പ്രഭു ആണ് എഴുതി തയ്യാറാക്കിയത്. അതുകൊണ്ട് ഇതിനെ 'മെക്കാളേ കോഡ് എന്നും വിളിക്കുന്നുണ്ട്. ജാതി-മത വ്യത്യാസമില്ലാതെ എല്ലാ ഇന്ത്യക്കാർക്കും ഇപ്പോൾ ബാധകമായുള്ള ക്രിമിനൽ നിയമമായ ഐ.പി.സി പ്രകാരമാണ് കോടതികൾ ശിക്ഷ വിധിക്കുന്നത്.

ത്തെയും, ഹൈകോടതികൾക്ക് മുകളിൽ അധികാരമുള്ള കോടതി ആയിരുന്നു ഇത്. ഏകദേശം 12 വർഷത്തോളമേ ഈ കോടതി ഇന്ത്യയിൽ പ്രവർത്തിച്ചു വന്നുള്ളൂ.

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഇന്ത്യൻ ജനതയുടെ പോരാട്ടം ആ ഘട്ടത്തിലാണ് ഫലവത്താവുന്നത്. 1947 ൽ ഇന്ത്യ സ്വതന്ത്രരാജ്യമായി മാറി.

1950 ജനുവരി 26 ന് ഇന്ത്യയുടെ മഹത്തായ ഭരണഘടന നിലവിൽ വന്നതോടെ ''ഫെഡറൽ കോടതി' സുപ്രീം കോടതി ആയി മാറുകയും, ഭരണഘടനാ പ്രകാരം ഹൈക്കോടതികൾ സ്ഥാപിതമാവുകയും ചെയ്തു.

നമുക്കറിയാം നമ്മുടെ രാജ്യത്തിന്റെ നിയമ ചരിത്രം ഏറെ ബൃഹത്താണെന്ന്. അതിലെ സുപ്രധാനമായ ചില ഏടുകളാണ് ഇവിടെ നാം പറഞ്ഞത്. നിലവിൽ രാജ്യത്തുള്ള കോടതികളെയും നിയമത്തെയും പറ്റി അറിയാൻ ഏറെയുണ്ട്.

(തുടരും)

തയ്യാറാക്കിയത്

• സുധീഷ് മുയിപ്പോത്ത്